(ബി) കരാർ, ദിവസവേതനം എന്നീ വ്യവസ്ഥകളിന്മേൽ നിയമിതരായിട്ടുള്ള ആരെയും സർവ്വീസിൽ റഗുലറൈസ് ചെയ്യാൻ വനിതാ വികസന കോർപ്പറേഷൻ ശിപാർശ ചെയ്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ചാത്തന്നൂർ സഹകരണ സ്പിന്നിംഗ് മില്ലിന് ഗ്യാരന്റി നല്കാൻ നടപടി

23 (177) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാത്തന്നൂരിലെ സഹകരണ സ്പിന്നിംഗ് മില്ലിന് സർക്കാർ ഗ്യാരന്റി നല്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

ചാത്തന്നൂരിലെ സഹകരണ സ്പിന്നിംഗ് മില്ലിനു സർക്കാർ ഗ്യാരന്റി നൽകുന്ന കാര്യം പരിഗണനയിലാണ്.

കൈത്തറി മേഖലയിലെ തൊഴിൽ ലഭ്യത

24 (178) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരം ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും കൈക്കൊണ്ടിട്ടുള്ളത് ;

(ബി) സംസ്ഥാനത്ത് കൈത്തറി മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് പൂർണ്ണമായും തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ നൂൽ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുമോ ?

ഉത്തരം

(എ) കൈത്തറി മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരം ലഭ്യമാക്കുന്നതിനും വിവിധ സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു. പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.* കൂടാതെ തിരുവനന്തപുരം ജില്ലയിലെ 4000 നെയ്ത്തുകാർക്ക് തൊഴിൽ നൽകുന്ന 14.64 കോടി രൂപയുടെ 'തനിമ' എന്ന പദ്ധതിയും കണ്ണൂർ ജില്ലയിലെ 3000 നെയ്ത്തുകാർക്ക് തൊഴിൽ നൽകുന്ന 11.08 കോടി രൂപയുടെ 'കൃതിക' എന്ന പദ്ധതിയും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കണ്ണൂരിനെ ടൗൺ ഓഫ് എക്സ്പോർട്ട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly